**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6807** **11-07-2024 - ൽ മറുപടിയ്ക്ക്**

**എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ അന്താരാഷ്ട്ര ടൂറിസം ഹബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ബോർഡ് നടപ്പാക്കാനുദ്ദേശിക്കുന്ന അന്താരാഷ്ട്ര ടൂറിസം ഹബ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇന്ത്യയിലെ പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേക്കുള്ള തീർത്ഥാടകരുടെ എണ്ണം വർഷം തോറും വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ Pilgrimage ടൂറിസം/ വിനോദ സഞ്ചാരം എന്നിവയുടെ വികസനം സാധ്യമാക്കുന്ന തരത്തിൽ പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ടൂറിസം ഹബ് പദ്ധതി ആവിഷ്കരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതി PPP മോഡലിൽ നടപ്പിലാക്കുന്നതിനാണ് ബോർഡ് ലക്ഷ്യമിടുന്നത്. പ്രസ്തുത ഭൂമിയിലേക്കുള്ള വഴിയുടെ വീതി വർദ്ധിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബോർഡ് ചർച്ചകൾ നടത്തി വരുന്നുണ്ട്. കൂടാതെ Pilgrimage ടൂറിസത്തിൽ പരിചയമുള്ള പൊതു സ്വകാര്യ പങ്കാളിത്തം ഉറപ്പ് വരുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു. ലഭ്യമാകുന്ന പ്രൊപ്പോസലുകളിൽ നിന്നും ബോർഡിന് അനുയോജ്യമായത് തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ